**കെ.എസ്.യു. എറണാകുളം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി 09.02.2019 ശനിയാഴ്ച നടക്കുന്ന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന സംഘടനാപ്രമേയം.**

**അവതരണം : എസ്.ഭാഗ്യനാഥ്, കെ.എസ്.യു. ജില്ലാ വൈസ് പ്രസിഡന്റ്**

കെ.എസ്.യുവിന്റെ ഈറ്റില്ലമായ ആലപ്പുഴയിൽ നിന്നും പോറ്റില്ലമായ എറണാകുളത്ത് ഇന്ന് ജില്ലാസമ്മേളനത്തിനു ആഥിത്യമരുളുമ്പോൾ സ്ഥാപക നേതാക്കളെയും അവരുടെ സംഭാവനകളെയും മുന്നമെ സ്മരിക്കട്ടെ. ചരിത്രമുറങ്ങുന്ന എറണാകുളത്തിന്റെ ക്യാമ്പസുകളിൽ അവർ മുഴക്കിയ മുദ്രവാക്യങ്ങളുടെ പ്രസക്തി ഇന്നോളം നഷ്ടപ്പെട്ടിട്ടില്ല. വിദ്യാർത്ഥി മനസ്സുകളിൽ അവർ കൈവരിച്ച സ്വീകാര്യതയും തിരുത്തൽ ശക്തിയായി കോൺഗ്രസ്സ് പ്രസ്ഥാനത്തിന് അവർ നൽകിയ ഊർജ്ജം ഇന്നും ഈ പ്രസ്ഥാനത്തിന്റെ അഭിമാന സ്തംഭങ്ങളാണ്. ആ പാരമ്പര്യത്തിൽ ഊറ്റം കൊണ്ട് പ്രസക്തമായ 'ആന്റണി-വയലാർ-ഉമ്മൻചാണ്ടി' എന്ന മുദ്രവാക്യം മുഴക്കുമ്പോഴും പല ക്യാമ്പസുകളിലും ഭരണത്തിൽ നിന്നും ഏറെ അകലെയാണെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുന്നു. ഒരണ സമരം മുതൽ യൂണിവേഴ്സിറ്റി രൂപീകരണവും ഫീസ് ഏകീകരണവും അടക്കമുള്ള ചരിത്രത്തിന്റെ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തിയിട്ടുള്ള രാഷ്ട്രീയ സമരങ്ങളുടെ പാരപമ്പര്യത്തിൽ പുതിയ മുദ്രവാക്യത്തിന്റെ അപര്യാപ്തത ഞങ്ങൾ ഉൾക്കൊള്ളുന്നു. പ്രസ്ഥാനത്തെ നെഞ്ചോട് ചേർത്ത ക്യാമ്പസുകളിൽ അരാഷ്ട്രീയവാദത്തിന്റെ ആധിക്യം സംഘടനാ വളർച്ചയെ പിന്നോട്ടടിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നിരുന്നാലും ജില്ലയുടെ വിവിധങ്ങളായ കലാലയങ്ങളിൽ തന്നാലാവും വിധം സംഘടനയുടെ കേളികൊട്ടുയർത്തുവാനും തനിമ നിലനിർത്തുവാനും ഇന്നും സ്വാധിക്കുന്നുണ്ട് എന്നുള്ളത് സംതൃപ്തി പകരുന്നതാണ്. സ്വത്വപരമായ അഭിപ്രായങ്ങളും ആശയ

ങ്ങളും ഭാഗികനിയന്ത്രണമുള്ള സംഘടനാ നിർദ്ദേശവും ഉൾക്കൊണ്ടുള്ള പ്രവർത്തനത്തിലൂടെ മാത്രമെ ഇടതുപക്ഷ തീവ്രസംഘടനകളുടെ പാരമ്യ ത്തിൽ നിന്നും അധിനിവേശത്തിൽ നിന്നും നമുക്കു മോചനമുള്ളൂ.

ജാതിമതവർഗ്ഗീയ സ്വാധീനത്താൽ ഏറെ ആകർഷിക്കപ്പെടുന്ന യുവ മനസ്സുകളുടെ കൂട്ടായ്മകൾ തീർക്കുന്ന കലാലയങ്ങൾ മതേതരത്വത്തിന്റെ സരസ്വതീക്ഷേത്രങ്ങളാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുവാനും അക്രമരാ ഷ്ടീയത്തിന്റെ അവസാനം കുറിച്ചുകൊണ്ട് സമാധാനപ്പുലരിയുടെ വെളി ച്ചം വീശുവാനും ഉത്തരവാദിത്വപ്പെട്ട പ്രസ്ഥാനമെന്ന നിലയ്ക്ക് നാം ഏറെ അധ്വാനിക്കേണ്ടതുണ്ട്. പ്രസ്തുത പേരാട്ടത്തിൽ നിർല്ലോഭമായ സഹകര ണവും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളും കാഴ്ചവയ്ക്കുന്ന പ്രസ്ഥാന ത്തിന്റെ ചാലകങ്ങളായ വിദ്യാർത്ഥി സംഘടനാ നേതാക്കന്മാരെയും പ്രവർത്തകരെയും അഭിനന്ദിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗി ക്കുന്നു. അന്യന്റെ ചോരയിൽ സായൂജ്യമടയുന്ന വിദ്യാർത്ഥി സംഘടനക ളോടും മത വർഗ്ഗീയ സംഘടനകളോടും ചെറുത്ത് നിന്ന് നീലപ്പൊൻ പതാ കയെ മാറോടണയ്ക്കുന്ന ആത്മാർപ്പണത്തിന്റെ പ്രതിരൂപങ്ങളായ കെ.എ സ്.യു പ്രവർത്തകരെ അഭിനന്ദിക്കുവാൻ പ്രമേയത്തിൽ വാക്കുകളില്ല. പ്രാരാബ്ദങ്ങളുടെ കെട്ടുപാടുകളിൽ നിന്നും ജീവിതഭദ്രതയുടെ ലാവ ണ്യംതേടി വട്ടവട എന്ന കൊച്ചുഗ്രാമത്തിൽ നിന്ന് മഹാരാജാസ് എന്ന ക്യാമ്പസ് മുത്തശ്ശിയുടെ മടിത്തട്ടിലെത്തിയ അഭിമന്യുവിന്റെ കൊലപാത കത്തെ സ്വന്തം രാഷ്ട്രീയ പാർട്ടിയായ സി.പി.ഐ.എം ധനസമാഹരണ ത്തിനും രാഷ്ട്രീയലാഭത്തിനും വേണ്ടി ഉപയോഗിച്ചപ്പോൾ അപലപിക്കു കയും കുറ്റവാളികളെ പിടികൂടുവാൻ വേണ്ടി തെരുവിലിറങ്ങിയ നമ്മുടെ സംഘടനയുടെ നിലപാടുകൾ ശ്ലാഘനീയമാണ്. കമ്പോളവിദ്യാഭ്യാസ ത്തിന്റെ രക്തസാക്ഷിയായ ജിഷ്ണു പ്രണോയ്ക്കു നീതി തേടി നാം നട ത്തിയ ധർമ്മയുദ്ധങ്ങൾ സങ്കുചിത നിലപാടുകൾക്കപ്പുറത്തേക്ക് വിദ്യാർ ത്ഥിപക്ഷ നിലപാടുകളിലേയ്ക്ക് വെളിച്ചം വീശുന്നവയാണ്.

കേന്ദ്രീയ സർവ്വകലാശാലകളും യൂണിവേഴ്സിറ്റികളും വർഗ്ഗീതയുടെ കാവി പുതയ്ക്കുന്ന സമകാലീന ഭരണകാലത്തെ സാഹചര്യത്തിനെതിരെ നമുക്ക് പോരാടേണ്ടതുണ്ട്. സിലബസ്സുകളുടെ തിരുത്തിക്കുറിക്കലും കാവി കേന്ദ്രീകൃതമായ പാഠഭാഗങ്ങളും വിദ്യാഭ്യാസ സമ്പ്രദായത്തെ അട്ടിമറിക്കുന്നു. സ്ഥാപനാധിപന്മാരും ഫാക്കൽറ്റികളും വർഗ്ഗീയ തണലിൽ നിയമിക്കപ്പെടുന്ന വിദ്യാഭ്യാസ രീതിയെ തുറന്ന് എതിർക്കേണ്ടതുണ്ട്. ഉപ്പ് സത്യാഗ്രഹവും, ഗുരുവായൂർ സത്യാഗ്രഹവും, വൈക്കം സത്യാഗ്രഹവും കയ്യൂർ, കരിവെള്ളൂർ വിപ്ലവസമരങ്ങൾക്ക് വഴിമാറിയ ഇടതുപക്ഷ പാഠ്യപദ്ധതിയുടെ പ്രേതം നിലവിലും വിദ്യാഭ്യാസ മേഖലയെ വേട്ടയാടുന്നുണ്ട്. വിദ്യാഭ്യാസ വിദഗ്ദന്മാർക്കുപകരം ഏ.കെ.ജി സെന്ററിലെ ജീവനക്കാർ വരെ വിദ്യാഭ്യാസ നയരേഖ തീരുമാനിക്കുന്ന സമീപനത്തിന് ഇനിയും മാറ്റം വന്നിട്ടില്ല. മതമില്ലാത്ത ജീവനും മഹാത്മജിയുടെ തിരസ്കരണവും അടക്കമുള്ള വിഷയങ്ങളിലെ സമര പോരാട്ടങ്ങൾ പോലെ കെ.എസ്.യു വീണ്ടും സമരമുഖത്ത് ശക്തമാകേണ്ട സമയമായി.

പ്രതിസന്ധികളുടെ കാലത്ത് പ്രത്യാശയുടെ രാഷ്ടീയമായാണ് കോൺഗ്രസ്സിനെ ജനം നോക്കിക്കാണുന്നത്. ഹിന്ദി ഹൃദയഭൂമിയിൽ നിന്നും ഉയരുന്ന ആരവം മതേതര ഇന്ത്യയ്ക്ക് പ്രതീക്ഷ നൽകുന്നതാണ്. ഒട്ടേറെ പ്രതികൂല സാഹചര്യത്തിലും ശത്രുക്കളുടെ അപഹാസ്യത്തിനുമുന്നിലും മാധ്യമങ്ങളിലെ അന്തിചർച്ചകൾക്ക് വഴിപ്പെടാതെയും പ്രതിസന്ധികളെ തരണം ചെയ്തു സ്വന്തമായൊരു രാഷ്ട്രീയ സംസ്കാരം ഉയർത്തിപ്പിടിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ നയിക്കുന്ന ശ്രീ.രാഹുൽ ഗാന്ധി തന്നെയാണ് മതേതര ഇന്ത്യയുടെ പ്രതീക്ഷ.

വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി നടന്ന കോൺഗ്രസ് നേതൃസംഗമം ചരിത്രവിജയമാക്കുന്നതിൽ നിർണ്ണായക പങ്

വഹിക്കുകയും കെ.എസ്.യു പ്രവർത്തകർക്ക് പൂർണ്ണ സംരക്ഷണം നൽകുകയും ചെയ്യുന്ന എറണാകുളം ഡി.സി.സി.യോടും പ്രസിഡന്റ് ടി.ജെ. വിനോദിനോടും ഉള്ള നന്ദി ഈ അവസരത്തിൽ അറിയിച്ചു കൊള്ളട്ടെ.

പരിസ്ഥിതി രാഷ്ട്രീയത്തിൽ പി.ടി.തോമസ് ആയിരുന്നു ശരി എന്നു മനസ്സിലാക്കാൻ പാർട്ടിയ്ക്കും പൊതുസമൂഹത്തിനും ഒരു മഹാപ്രളയം വേണ്ടി വന്നു. അന്ന് പരസ്യമായി തള്ളിപ്പറഞ്ഞവരും ശവമഞ്ചഘോഷയാത്ര നടത്തിയവരും ഇന്ന് അദ്ദേഹത്തോട് മനസ്സു കൊണ്ടെങ്കിലും മാപ്പ് പറയുന്നത് ഉചിതമായിരിക്കും.

നവോത്ഥാന കേരളത്തിലെ കോൺഗ്രസ്സ് രാഷ്ട്രീയത്തിന്റെ പുത്തൻ പ്രവണതയാണ് രാജവംശങ്ങളുടെ പിന്തുടർച്ചാവകാശം. മുൻകാലങ്ങളിൽ കേരളം അഭിമാനിച്ചിരുന്ന രാഷ്ട്രീയമൂല്യങ്ങളാണ് ഇതുവഴി തകർത്തെറിയപ്പെടുന്നത്. ഗാന്ധികുടുംബം തങ്ങളുടെ കുടുംബാംഗങ്ങളുടെ ജീവൻ പോലും രാജ്യത്തിനുവേണ്ടി സമർപ്പിച്ച ത്യാഗത്തിന്റെ പ്രതീകമാണ്. അവരുടെ പിന്തുടർച്ചയിൽ എന്നും ഞങ്ങൾ അഭിമാനിക്കുന്നു. പക്ഷെ ഈ പ്രസ്ഥാനത്തിനുവേണ്ടി കല്ലുകൊണ്ടുപോലും കാൽ മുറിയാത്ത ചില അഭിനവ ''പൽവാൽ ദേവന്മാരുടെ'' പട്ടാഭിഷേകത്തിന്റെ ശംഖൊലി മുഴങ്ങുന്നത് യഥാർത്ഥ പ്രവർത്തകരുടെ ഉള്ളിൽ നെഞ്ചിടിപ്പാണ് ഉണ്ടാക്കുന്നത്. പോസ്റ്റർ ഒട്ടിച്ചും മുദ്രാവാക്യം വിളിച്ചും സമരം നടത്തിയും തല്ല് കൊണ്ടും കോടതി കയറിയും രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന യഥാർത്ഥ പ്രവർത്തകരുടെ നെഞ്ചത്ത് നടത്തുന്ന ഇത്തരം സൈബർ ഇറക്കുമതികൾ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഈ പട്ടാഭിഷേകത്തിനായി ശംഖൊലി മുഴക്കുന്നവർ പിൽക്കാല പട്ടാഭിഷേകങ്ങൾക്കുള്ള ചില ടെസ്റ്റ്ഡോസാണോ നടത്തുന്നത് എന്നും കെ.എസ്.യു സംശയിക്കുന്നു. ഇവർക്കൊക്കെ ലീഡറുടെ മക്കൾ മാത്രമായിരുന്നു കിങ്ങിണിക്കുട്ടന്മാർ. ഇത്തരം ടെസ്റ്റുഡോസുകളെ നിർവ്വീര്യമാക്കേണ്ടത് കോൺഗ്രസ്സിന്റെ യുവജനവിദ്യാർത്ഥി പ്രസ്ഥാ

നങ്ങളുടെ ഉത്തരവാദിത്വമാണ്. ''അങ്ങും പുത്രവാത്സല്യത്താൽ അന്ധനായോ'' എന്ന ഭഗവത്ഗീത യിലെ ചോദ്യം കേരളത്തിലെ ഉന്നതനേതാക്കന്മാരോട് ചോദിക്കാൻ ഓരോ കെ.എസ്.യു പ്രവർത്തകരും തയ്യാറാകണം.

പാരമ്പര്യമായി കിട്ടിയ സ്വത്ത് തലമുറകളായി ഉപയോഗിച്ചു പോരുന്നതു പോലെയാണ് കോൺഗ്രസ്സിലെ ചില കാരണവന്മാർ തങ്ങളുടെ മണ്ഡലങ്ങൾ കയ്യടക്കിവച്ചിരിക്കുന്നത്. മൂന്ന് തലമുറകൾക്കുവരെ വോട്ടു രേഖപ്പെടുത്തുവാനുള്ള അസുലഭ അവസരങ്ങളാണ് ഇതുവഴി ഇവർ പൊതുസമൂഹത്തിന് നൽകുന്നത്. 65 വയസ്സുണ്ടായിരുന്ന ആർ.ശങ്കറിനെ കടൽക്കിഴവൻ എന്നു വിളിച്ച് പുറത്താക്കിയ അന്നത്തെ യുവകേസരികളുടെ ആർജ്ജവം ഉൾക്കൊണ്ട് തലമുറമാറ്റം എന്നുള്ളത് പ്രസംഗത്തിലൊതുക്കാതെ പ്രവർത്തിയിലേത്തിക്കുവാൻ പ്രിയ നേതാക്കൾ തയ്യാറാവണം.

2018-ലെ റിപ്പബ്ലിക് ദിനത്തിൽ 6-ാം നിരയിലെ കസേരയിലിരുന്ന രാഹുൽഗാന്ധി അടുത്ത റിപ്പബ്ലിക് ദിനത്തിൽ ഒന്നാംനിരയിലെ കസേരയിൽ എത്തിയെങ്കിൽ ഞങ്ങൾക്കുറപ്പാണ് വരുന്ന സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ ദേശീയപതാക ഉയർത്തുന്നത് മതേതര ഇന്ത്യയുടെ കാവൽക്കാരൻ ബഹുമാനപ്പെട്ട ശ്രീ.രാഹുൽഗാന്ധി ആയിരിക്കും. മഹാത്മാവിന്റെ ചിത്രത്തിലേക്കു പോലും നിറയൊഴിച്ച് അട്ടഹസിക്കുന്ന ഇന്നത്തെ ഇന്ത്യയിൽ നിന്നും മതേതരമൂല്യങ്ങൾ വാനോളം ഉയർത്തിപ്പിടിക്കുന്ന ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സിന് കരുത്ത് പകരുവാൻ കെ.എസ്.യു പ്രവർത്തകർ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം ജില്ലാ കമ്മറ്റിക്കുവേണ്ടി സമർപ്പിക്കുന്നു.